**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 412** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തി നനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിൻറെ കേന്ദ്രങ്ങൾ 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തി നായി കിഫ്ബിയുടെ സഹായത്തോടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ് . സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 16/06/2018ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) No. 1131/2017/H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജു കൾക്ക് 30 കോടി രൂപവീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും ഉത്തരവായിരുന്നു . ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ ഡി.പി .ആർ തയ്യാറാക്കാൻ |

| | | | |
|---|---|---|---|
| | | | KITCO (ടെക്നിക്കൽ ടീം) - നെ നിയമിച്ചിരുന്നു. KITCO - ടെക്നിക്കൽ ടീം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ് തലത്തിൽ അംഗീകരിച്ച് KITCO മുഖാന്തിരം സർക്കാരിലേക്ക് സമർപ്പിക്കു കയും, ആയത് പരിശോധിച്ച് KIIFB യിലേക്ക് നൽകുന്നതിനുള്ള ഭരണാനുമതി KITCO ക്ക് നൽകുകയും ആയതു പ്രകാരം അംഗീകരിച്ച മാസ്റ്റർ പ്ലാൻ/ഡി.പി.ആർ KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട് |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ എൻറോൾമെന്റ് നിരക്കും ദേശീയ ശരാശരിയും എത്രയെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് അത് എത്രയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ; | (ബി) | 2019-20 ലെ ഹയർ എഡ്യൂക്കേഷൻ സർവ്വേപ്രകാരം സംസ്ഥാനത്തെ ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER) 38.8% വും ആൾ ഇന്ത്യ റേഷ്യോ 27.1% വും ആണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെൻറ് റേഷ്യോ 75% ആയെങ്കിലും ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവയിലൂടെയാണ് ഇത് നേടുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും കാലിക പ്രധാന്യമുള്ള കോഴ്സുകൾ അനുവദിക്കാനും നിലവിലുള്ളവ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മാഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ